## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1073

08/02/2013 - ൽ മറുപടി നല്കേണ്ടിയിരുന്നത്

**വിദ്യാർത്ഥികളുടെ സംരംഭക മികവ് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥികളിലെ സംരംഭക മികവ് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) വിദ്യാർത്ഥികളിലെ സംരംഭക മികവ് പ്രോത്സാഹിപ്പിക്കുവാനായി വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നല്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാനും അല്ലെങ്കിൽ മികച്ച തൊഴിൽ ദാതാവിന്റെ കൂടെ പ്രവർത്തിക്കുവാനും അവരെ പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) വിദ്യാർത്ഥികളുടെ സംരംഭകത്വ മികവ് വർദ്ധിപ്പിക്കുവാൻ | (സി) വിദ്യാർത്ഥികളുടെ സംരംഭകത്വ മികവ് വർദ്ധിപ്പിക്കുവാനായി പഠിക്കുന്ന വൊക്കേ |

| | | | |
|---|---|---|---|
| | എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | ഷണൽ വിഷയത്തിൽ പ്രായോഗിക പരിശീലനം, തൊഴിൽശാല പരിശീലനം, പ്രൊഡക്ഷൻ കം ട്രെയിനിംഗ് തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളാണ് ഗുണഭോക്താക്കൾ |
| (ഇ) | വിദ്യാർത്ഥികളായ സംരംഭകർക്ക് എന്തെല്ലാം ഇളവുകൾ ആണ് ലഭിക്കുന്നത്? | (ഇ) | വിദ്യാർത്ഥികളായ സംരംഭകർക്ക് നിലവിൽ പൊതുവിദ്യാഭ്യാസവകുപ്പിൽ നിന്നും ഇളവുകളൊന്നും നല്കിവരുന്നില്ല. |

Sreedev

സെക്ഷൻ ഓഫീസർ

R